പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6708 09/11/2016-ൽ മറുപടിക്ക്

# ജലസംഭരണികളിലെ ജലനിരപ്പ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | ശ്രീ. കടകം പളളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സെപ്റ്റംബർ 30-ഓടെ അവസാനിച്ച ഇടവപ്പാതിയും ഒക്ടോബർ-നവംബർ മാസത്തിൽ ഉണ്ടാകേണ്ട തുലാവർഷവും സംസ്ഥാനത്ത് ദുർബ്ബലമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഈ വർഷത്തെ ഇടവപ്പാതിയും തുലാവർഷവും ദുർബ്ബലമാണ്. |
| (ബി) | ഈ പശ്ചാത്തലത്തിൽ ജലസംഭരണികളിലെ ജലനിരപ്പ് ഗണ്യമായി താഴുകയുണ്ടായോ; | (ബി) | കാലവർഷത്തിന്റെ കുറവ് കാരണം ജലസംഭരണിയിലേക്കുള്ള നീരൊഴുക്ക് കുറയുകയും ജലനിരപ്പ് ഗണ്യമായി താഴുകയുമുണ്ടായി. |
| (സി) | എങ്കിൽ ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് ഇപ്പോൾ എത്രയാണ്; ഇത് കഴിഞ്ഞവർഷത്തേതിനെ അപേക്ഷിച്ച് കൂടുതലാണോ; | (സി) & (ഡി) | 2016 നവംബർ 2-ലെ കണക്കനുസരിച്ച് ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് 715.451 മീറ്റർ/2347.28 അടിയാണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4.316 മീറ്റർ/14.16 അടി കുറവാണ്. 2015 നംവബർ 2-ലെ കണക്കനുസരിച്ച് 1220.11 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണ് ഉണ്ടായിരുന്നത്. എന്നാൽ 2016 നംവബർ 2- ലെ കണക്കനുസരിച്ച് 955.08 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം മാത്രമാണ് ഇടുക്കി ജലസംഭരണിയിലുള്ളത്. 265.03 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം കുറവുണ്ട്. അതിനാൽ 2017 മേയ് മാസം 31 വരെയുള്ള ജലവർഷത്തിലേക്ക് ഇടുക്കിയിൽ |
| (ഡി) | കുറവാണെങ്കിൽ എത്ര അടി കുറവാണെന്ന് വ്യക്തമാക്കുമോ; ഇത് വൈദ്യുതി ഉല്പാദനത്തെ എത്രത്തോളം പ്രതികൂലമായി ബാധിക്കും; വിശദാംശങ്ങൾ നൽകുമോ ? | | |

| | | | |
|---|---|---|---|
| | | | നിന്നുള്ള പ്രതിദിന ഉല്പാദനം കുറയ്ക്കുകയും അതനുസരിച്ച് വൈദ്യുതി കേരളത്തിനു പുറത്തു നിന്നും വാങ്ങി വിതരണം ചെയ്യുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ